# സാമൂഹ്യശാസ്ത്രം I

## അധ്യായം 4




**1. ഇന്ത്യയിൽ നീലം കൃഷി വ്യാപിക്കാനിടയായതെങ്ങനെ?**

- തുണികൾക്ക് നിറം നൽകാനാണ് നീലം ഉപയോഗിച്ചിരുന്നത്.
- ബ്രിട്ടീഷ് ഭരണകാലത്ത് നീലത്തിന് വിപണിയിൽ ഉയർന്ന വില ലഭിച്ചിരുന്നു.
- പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ വ്യവസായ വിപ്ലവം തുണിനിർമാണരംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടാക്കി, അതോടെ നീലത്തിന്റെ ആവശ്യം വർദ്ധിച്ചു.
- കർഷകർക്ക് വൻതുക മുൻകൂറായി നൽകി അവരെക്കൊണ്ട് നീലം കൃഷി ചെയ്യിച്ചു.
- ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്തിരുന്ന കൃഷിയിടത്തിന്റെ ഫലഭൂയിഷ്ഠമായ സ്ഥലങ്ങളിൽ നീലം കൃഷി ചെയ്യേണ്ടിവന്നു.

**2. നീലം കർഷകരുടെ കലാപത്തിന്റെ കാരണങ്ങളും ഫലങ്ങളും കണ്ടെത്തുക?**

- പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ വ്യവസായ വിപ്ലവം തുണിനിർമാണരംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടാക്കി, അതോടെ നീലത്തിന്റെ ആവശ്യം വർദ്ധിച്ചു.
- കർഷകർക്ക് വൻതുക മുൻകൂറായി നൽകി അവരെക്കൊണ്ട് നീലം കൃഷി ചെയ്യിച്ചു.
- ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്തിരുന്ന കൃഷിയിടത്തിന്റെ ഫലഭൂയിഷ്ഠമായ സ്ഥലങ്ങളിൽ നീലം കൃഷി ചെയ്യേണ്ടിവന്നു.
- കൃത്രിമചായങ്ങളുടെ കണ്ടെത്തലോടെ നീലത്തിന്റെ ആവശ്യകത കുറഞ്ഞു.
- ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നിലത്തിന് കുറഞ്ഞ വില മാത്രം നൽകി.
- കർഷകരുടെ ജീവിതം ദുരിതത്തിലായി.
- 1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിക്കുകയും നീലം ഫാക്ടറികൾ ആക്രമിക്കുകയും ചെയ്തു.

SPJ MTDMHSS THONDE

- നിരവധി സ്ത്രീകളും കലാപത്തിൽ പങ്കെടുത്തു.
- കൽക്കത്തയിൽ നിന്ന് നിരവധി വിദ്യാസമ്പന്നർ കർഷകർക്ക് പിന്തുണ നൽകി.
- നീലം കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മീഷനെ നിയമിച്ചു.
- ലാഭകരമല്ലാത്തതിനാൽ നീലം കൃഷി അവസാനിപ്പിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

3. മലബാറിലെ മാപ്പിളകലാപത്തിന്റെ കാരണങ്ങളും ഫലവും വിശദീകരിക്കുക?

- ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലുമാണ് കലാപങ്ങൾക്ക് കാരണമായത്.
- ജന്മിമാർ നടത്തിയ കുടിയൊഴിപ്പിക്കലടക്കമുള്ള ദ്രോഹനടപടികൾക്കെതിരെയാണ് കലാപം നടന്നത്.
- ജന്മിമാരുടെ ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്ത പാട്ടകുടിയാന്മാരായിരുന്നു മലബാറിലെ കർഷകർ,ഇവരിൽ ഭൂരിഭാഗവും മാപ്പിളമാർ ആയിരുന്നു (മലബാറിലെ മുസ്ലിംങ്ങൾ).അതു കൊണ്ട് ഈ കലാപങ്ങൾ മാപ്പിളകലാപങ്ങൾ എന്ന് അറിയപ്പെടുന്നു.
- 22 ഓളം കലാപങ്ങൾ മലബാറിൽ നടന്നു.
- കലാപം അടിച്ചമർത്താൻ മലബാർ സ്പെഷ്യൽ പോലീസ് എന്ന പേരിൽ പ്രത്യേക പോലീസ് സേന രൂപീകരിച്ചു.
- കലാപങ്ങളെക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് വില്യം ലോഗൻ കമ്മീഷനെ നിയമിച്ചു.
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയമാണ് കലാപത്തിനു കാരണമെന്ന് കമ്മീഷൻ കണ്ടെത്തി.

4. സാന്താൾ കലാപത്തെക്കുറിച്ച് വിശദീകരിക്കുക?

- രാജ്മഹൽ കുന്നുകളുടെ താഴ്വരയിൽ ജീവിച്ചിരുന്ന ഗോത്രജനതയാണ് സാന്താൾ മാർ.
- സാന്താൾ കലാപം നടന്ന വർഷം 1855
- സിദ്ദുവും, കാനുവുമാണ് സാന്താൾ കലാപത്തിന് നേതൃത്വം നൽകിയത്.
- വനവിഭവങ്ങൾ ശേഖരിക്കുക, വേട്ടയാടൽ, പുനംകൃഷി, കന്നുകാലികളെ വളർത്തൽ എന്നിവയായിരുന്നു ഇവരുടെ ജീവിതോപാധികൾ.
- സെമീന്ദാർമാരും കൊള്ളപ്പലിശക്കാരും സാന്താൾമാരുടെ ഭൂമി കൈവശപ്പെടുത്തി.
- സാന്താളുകളെ അടിമകളായി പണിയെടുപ്പിച്ചു.
- ബ്രിട്ടീഷുകാർ നടപ്പാക്കിയ വനനിയമങ്ങൾ ഗോത്രജീവിതത്തെ ദുരിതത്തിലാക്കി.
- ഗോത്രജനതയ്ക്ക് വനപ്രവേശനം നിഷേധിച്ചു,

SRJ MTDMHSS THONDERNAD

- ബ്രിട്ടീഷുകാർ അവർക്കാവശ്യമായ മരങ്ങൾ മുറിച്ചെടുത്തു.
- ഗോത്രജനത ശേഖരിച്ചിരുന്ന വനവിഭവങ്ങൾക്ക് ഉയർന്ന നികുതി ചുമത്തി.

6. കുറിച്യകലാപത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

- ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ വയനാട്ടിലെ ഗോത്രജനതയായ കുറിച്യർ 1812 ൽ നടത്തിയ കലാപമാണ്.
- കുറിച്യ നേതാവായ രാമൻനമ്പി നേതൃത്വം നൽകി.

കുറിച്യ കലാപത്തിന്റ കാരണങ്ങൾ

- ബ്രിട്ടീഷുകാർ അമിതനികുതി ചുമത്തിയത്
- നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്
- നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.

7. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിലെ ഗോത്ര ജനത നടത്തിയ പ്രധാന കലാപങ്ങൾ ഏതെല്ലാം?

- സാന്താൾ കലാപം,
- കുറിച്യ കലാപം
- പഹാരിയ കലാപം
- കോൾ കലാപം
- ഖാസി കലാപം
- ഭീൽ കലാപം
- മുണ്ട കലാപം.

തുടർപ്രവർത്തനങ്ങൾ

1. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന കർഷക, ഗോത്ര കലാപങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഒരു വാർത്താചിത്ര ആൽബം തയ്യാറാക്കുക.

**prepared by**
**Shibu p j**
**MTDMHSS THONDERNAD**
**WAYANAD**
**9747585905**

SPJ MTDMHSS THONDERNAD